**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 15.06.2024 വരെ 5,07,875 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 4,04,529 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>2017-ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് 2020 പ്രകാരം 2022 മേയ് 16-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കു കയുണ്ടായി. ഈ ലിസ്റ്റിലെ ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അതിദരിദ്ര വിഭാഗത്തപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് 15.11.2022-ലെ സ.ഉ (സാധാ) 2806/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുക യുണ്ടായി. കൂടാതെ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പൊതു വിഭാഗത്തിൽ പ്പെട്ടവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യത അനുസരിച്ച് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ 91,691 ഗുണഭോക്താക്കൾക്കും അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 3,945 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനി ലൂടെ ലഭിക്കുന്ന ഭൂമി ഗുണഭോ ക്താക്കൾക്ക് ലഭ്യമാക്കി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തുവരുന്നു. |
| (ബി) | ലൈഫ് പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലായി എത്ര ആളുകൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; അവയിൽ | (ബി) | ലൈഫ് പദ്ധതിയുടെ ഭാഗമായി 5,07,875 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; അവയിൽ |

| | | | |
|---|---|---|---|
| | പൂർത്തിയായവയും പൂർത്തിയാക്കാനുള്ളവയും ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | | പൂർത്തി യായവയും പൂർത്തിയാക്കാനുള്ളവയും ജില്ല തിരിച്ച് വിശദവിവരം അനുബന്ധം(1) ആയി ചേർക്കുന്നു. |
| (സി) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി ഇക്കാലയളവിൽ എത്ര വീടുകൾ അനുവദിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (സി) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 2016 മുതൽ 15.06.2024 വരെ 1,94,262 വീടുകൾ അനുവദിച്ചു. അനുവദിച്ച വീടുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിവരം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ജില്ല | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാക്കാൻ അവശേഷിക്കുന്നവ |
|---|---|---|---|
| തിരുവനന്തപുരം | 64751 | 50802 | 13949 |
| കൊല്ലം | 43542 | 35138 | 8404 |
| പത്തനംതിട്ട | 15859 | 11476 | 4383 |
| ആലപ്പുഴ | 35626 | 28998 | 6628 |
| കോട്ടയം | 19801 | 15394 | 4407 |
| ഇടുക്കി | 27991 | 22932 | 5059 |
| എറണാകുളം | 37157 | 30865 | 6292 |
| തൃശ്ശൂർ | 35698 | 28507 | 7191 |
| പാലക്കാട് | 54876 | 45073 | 9803 |
| മലപ്പുറം | 63501 | 48050 | 15451 |
| കോഴിക്കോട് | 37278 | 28305 | 8973 |
| വയനാട് | 29947 | 24839 | 5108 |
| കണ്ണൂർ | 22196 | 18710 | 3486 |
| കാസറഗോഡ് | 19652 | 15440 | 4212 |
| **ആകെ** | **507875** | **404529** | **103346** |

**അനുബന്ധം 2**

| ജില്ല | അനുവദിച്ച വീടുകൾ | |
|---|---|---|
| | പട്ടിക ജാതി | പട്ടിക വർഗ്ഗം |
| തിരുവനന്തപുരം | 18084 | 2121 |
| കൊല്ലം | 16144 | 745 |
| പത്തനംതിട്ട | 7105 | 615 |
| ആലപ്പുഴ | 9023 | 289 |
| കോട്ടയം | 5144 | 766 |
| ഇടുക്കി | 6602 | 6690 |
| എറണാകുളം | 9133 | 877 |
| തൃശ്ശൂർ | 14058 | 481 |
| പാലക്കാട് | 18356 | 6589 |
| മലപ്പുറം | 18252 | 5036 |
| കോഴിക്കോട് | 11180 | 1295 |
| വയനാട് | 3504 | 15143 |
| കണ്ണൂർ | 3359 | 3896 |
| കാസറഗോഡ് | 2984 | 6791 |
| **ആകെ** | **142928** | **51334** |